"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.107/06 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.979/2025/LSGD തീയതി, തിരുവനന്തപുരം, 16-04-2025**

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 107/2006 നമ്പർ കേസിന്മേലുള്ള 15/10/2008 തീയതിയിലെ വിധിന്യായം.
2. സ.ഉ.(സാധാ)നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 11/03/2024 -ലെ എ3/841/2006/ടിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 09/01/2025 തീയതിയിലെ ഡി.സി.റ്റി.വി.എം/3697/2024/കെ.9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 2968/2-1 സർവ്വേ നമ്പരിൽപ്പെട്ട 0.13 ആർ വസ്തു പൊന്നുംവില നിയമപ്രകാരം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 107/2006 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 8,55,785/- രൂപ (എട്ട് ലക്ഷത്തി അമ്പത്തയ്യായിരത്തി എഴുന്നൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 2968/2-1 സർവ്വേ നമ്പരിൽപ്പെട്ടതും ശ്രീ. എൻ. രാമകുമാറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.13 ആർ വസ്തു പൊന്നുംവില നിയമപ്രകാരം

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 107/2006 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 8,55,785/- രൂപ (എട്ട് ലക്ഷത്തി അമ്പത്തയ്യായിരത്തി എഴുന്നൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. എൻ. രാമകുമാർ-ന് (റ്റി.സി. 19/1977(1), ശ്രീഹരി, പാളയം, തിരുവനന്തപുരം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. എൻ. രാമകുമാർ, റ്റി.സി. 19/1977(1), ശ്രീഹരി, പാളയം, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/ 224/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 16-04-2025 18:06:06
സെക്ഷൻ ഓഫീസർ